# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1678

08.06.2018 - ൽ
മറുപടിയ്ക്ക്

## കാർഷിക ഗവേഷണ കേന്ദ്രത്തിലെയും കാർഷിക കോളേജിലെയും ഒഴിവുകൾ നികത്താൻ നടപടി

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിലെ പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെയും പടന്നക്കാട് കാർഷിക കോളേജിലെയും ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>ബി) വർഷങ്ങളായി നിരവധി ഒഴിവുകൾ നികത്താത്തതിനാൽ കോളേജിലും ഗവേഷണ കേന്ദ്രത്തിലുമുള്ള പ്രതി സന്ധി ശാശ്വതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | എ) & ബി) കാർഷിക സർവകലാശാലയിലെ എല്ലാ അനദ്ധ്യാപക തസ്തികകളിലെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു കൈമാറിയിട്ടുണ്ട്. പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെയും പടന്നക്കാട് കാർഷിക കോളേജിലേതുമടക്കം അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ നിയമനങ്ങൾ നടന്നിട്ടുണ്ട്. ഇതര തസ്തികകളിലെയും നിയമനങ്ങൾ സാധ്യമാകും വിധം സ്പെഷ്യൽ റൂൾസ് രൂപീകരിച്ചാൽ മാത്രമേ നിയമന നടപടികൾ സ്വീകരിക്കാൻ പബ്ലിക് സർവീസ് കമ്മീഷന് സാധ്യമാകുകയുള്ളൂ . സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനായി സർവ്വകലാശാല ത്വരിതഗതിയിൽ നടപടി സ്വീകരിച്ചു വരുന്നു. ആയത് രൂപീകരിക്കപ്പെട്ടതിനുശേഷം പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെയും പടന്നക്കാട് കാർഷിക കോളേജിലെയും ഒഴിവുകൾ ഉൾപ്പെടെയുള്ളവ നികത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്ഥിരനിയമനത്തിനുള്ള നടപടികൾ പൂർത്തിയാകുന്നത് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും താത്കാലിക നിയമനം നടത്തി വരുന്നുണ്ട്.<br><br>സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികകളിലെ 60 ഒഴിവുകൾ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ) നികത്തുന്നതിനായി 03/03/2016 തീയതിയിൽ സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നിയമനത്തിനുള്ള തുടർ നടപടികൾ വേഗതയിൽ സ്വീകരിച്ചു വരുന്നു. നിയമന നടപടി പൂർത്തിയാകുന്നതോടെ കോളേജുകളിലെയും, ഗവേഷണ കേന്ദ്രത്തിലുമുള്ള പ്രതിസന്ധിക്ക് പരിഹാരമാകും. |

സെക്ഷൻ ഓഫീസർ